(ഡി) മെയിന്റനൻസ് സബ് ഡിവിഷനിലെ ഓവർസിയർമാരുടെ മേൽനോട്ടത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ ലൈസൻസ്ഡ് പ്ലംബർമാരാണ് വാട്ടർ കണക്ഷനുകൾ നൽകുന്നത്. ഗുണഭോക്താക്കളിൽ നിന്ന് അമിത തുക ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടില്ല.

**ഉപജലപാത ഗതാഗതയോഗ്യമാക്കുന്നതിന് നടപടി**

216 (2504) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം കായലിന്റെ ആഴം വർദ്ധിപ്പിച്ച് ദേശീയ ജലപാതയിൽ നിന്നു ഡി.റ്റി.പി.സി. യുടെ അമിനിറ്റി സെന്ററിലേക്കുള്ള ഉപജലപാത നബാർഡ് സഹായത്തോടെ ഗതാഗതയോഗ്യമാക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

**ഉത്തരം**

ഈ പദ്ധതി NABARD-RIDF-XIX -ൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി രൂപരേഖ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗാർഹിക വാട്ടർകണക്ഷൻ വിച്ഛേദിച്ച നടപടി**

217 (2505) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല മാർക്കറ്റ് ജംഗ്ഷനിലെ പാലിയിൽ ഹൗസിലെ ശ്രീമതി രാധയുടെ പേരിലുള്ള ഗാർഹിക വാട്ടർകണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ ;

(ബി) എന്തു കാരണത്താലാണ് പ്രസ്തുത കണക്ഷൻ വിച്ഛേദിക്കാനിടയായത് എന്ന് വ്യക്തമാക്കുമോ ;

(സി) ശ്രീമതി രാധ, ഗൃഹ നിർമ്മാണത്തിന് വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചുവെന്നതിന് എന്തു തെളിവാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) ഒരു വർഷത്തെ മിനിമം ചാർജായ 500 രൂപ മുൻകൂറായി അടച്ചതിൽ ഡിസ്കണക്ഷൻ ചാർജ് മാത്രം ഈടാക്കി 397 രൂപ ഉപഭോക്താവിന് തിരിച്ചു കൊടുത്തതിൽ നിന്നും വാട്ടർമീറ്ററിലെ റീഡിംഗിൽ നിന്നും ഉപഭോക്താവ് വാട്ടർ അതോറിറ്റിയുടെ വെള്ളം ഉപയോഗിച്ചിട്ടില്ല എന്നത് വ്യക്തമാകുന്നില്ലെയെന്നറിയിക്കുമോ ;

(ഇ) ശ്രീമതി രാധ തന്റെ വസ്തു മകന് കൈമാറ്റം ചെയ്തതുമൂലം 25 വർഷമായി ഉണ്ടായിരുന്ന കണക്ഷന് പകരം പുതിയ കണക്ഷൻ എടുക്കാനുള്ള നടപടിക്രമങ്ങൾ വീണ്ടും പാലിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly